68 (2759) മലപ്പുറം ജില്ലയിലെ ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ശുദ്ധജല വിതരണ പദ്ധതികളിൽ ഏതെല്ലാം പദ്ധതികളുടെ പണി പൂർത്തിയാക്കാനുണ്ട്;

(ബി) ഇവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) മലപ്പുറം ജില്ലയിലെ പണി പൂർത്തിയാക്കാനുള്ള 25 ശുദ്ധജല വതിരണ പദ്ധതികൾ, അവ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന വർഷം എന്നിവയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

69 (2760) വർക്കല അർബൻ വാട്ടർ സപ്ലൈ സ്കീം

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ അനുവാദം ലഭിച്ചതും കേരളാ വാട്ടർ അതോറിറ്റി മുഖേന പണി നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ ജോലിയുടെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും അനുവദിച്ച തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(ബി) വർക്കല അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ പണി ഏതു വർഷമാണ് ആരംഭിച്ചത് എന്നും എന്ന് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ;

(സി) ജലക്ഷാമം അതിരൂക്ഷമായ വർക്കല പ്രദേശത്തേയ്ക്കുള്ള ഈ പദ്ധതി അടിയന്തിരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ അനുവാദം ലഭിച്ചതും കേരള വാട്ടർ അതോറിറ്റി മുഖേന പണി നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 1994-ൽ പണി ആരംഭിച്ചു. 2001-ാമാണ്ടോടെ ഇത് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്ന എല്ലാ പണികളും ഇപ്പോൾ വീണ്ടും പുനരാരംഭിച്ച് നടപ്പിലാക്കാൻ നടപടികൾ എടുത്തുകഴിഞ്ഞു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly